# ആത്മീയ ഉദ്യാനം

## യെശയ്യാവ് 32:15

"ഉയരത്തിൽനിന്നു ആത്മാവിനെ നമ്മുടെമേൽ പകരുവോളം തന്നേ; അപ്പോൾ മരുഭൂമി ഉദ്യാനമായിത്തീരും."

ഇന്ന് നമ്മുടെ ജീവിതം മരുഭൂമിയുടെ അവസ്ഥയിൽ കൂടിയാണോ കടന്നു പോകുന്നത് അതോ ഉദ്യാനം പോലെ ആണോ? ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ മരുഭൂമിയുടെ അവസ്ഥ കാണാറുണ്ടോ? മരുഭൂമി എന്നാൽ ചൂടിന്റെ അവസ്ഥയാണ്, അവിടെ തളർച്ചയും ക്ഷിണവും അനുഭവപ്പെടും, കടുപ്പവും കഠിനവുമായ അവസ്ഥയായിരിക്കും. അവിടെ, മൊത്തത്തിൽ ഒരു വരണ്ട അനുഭവം നമുക്ക് കാണാം. ദൈവത്തെ വിളിക്കുന്ന, ദൈവത്തെ സ്നേഹിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ ഈ അവസ്ഥ വാരാൻ പാടുള്ളതല്ല. നാം ഇന്ന് ഈ അവസ്ഥയിൽകൂടിയാണ് കടന്നു പോകുന്നതെങ്കിൽ നമ്മുടെ കുറവുകളെ കണ്ടു പിടിച്ചു, ദൈവസന്ധിയിൽ ഏറ്റു പറഞ്ഞു എത്രയും വേഗം ഒരു ഉദ്യാനത്തിന്റെ അനുഭവത്തിലേക്ക് കടന്നു വരേണ്ടത് അത്യന്താപേഷിതമാണ് .

ദാവീദ് ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിച്ചു നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ (സങ്കി 51:12). പാപം മൂലം തന്റെ ശക്തിയും സന്തോഷവും നഷ്ടപ്പെട്ടതിനാൽ വീണ്ടും ദൈവത്തോട് കരഞ്ഞു അപേഷിക്കുന്ന ദാവീദിനെയാണ് നമുക്ക് ഇവിടെ കാണുവാൻ സാധിക്കുന്നത്. ദാവീദ് പ്രാർത്ഥിച്ചതുപോലെ നമുക്കും ദൈവസന്ധിയയിൽ അപേക്ഷിക്കാം. ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ. സന്തോഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കേണമേ; നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ. എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ. എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചു കളയേണമേ. ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ. നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ.

നമ്മുടെ ജീവിതപ്രശ്നങ്ങളാൽ നാം തളർച്ചയും ക്ഷീണവും അനുഭവിക്കുമ്പോൾ, നമ്മുടെ ഉള്ളിൽ പിണക്കവും, ദേഷ്യവും, അസൂയയും കടന്നുവരുമ്പോൾ, നാം ദൈവ സന്നിധിയിൽ അടുത്ത് ചെന്ന് ദാവീദിന്റെ പ്രാർത്ഥന പോലെ പ്രാർത്ഥിക്കണം. അപ്പോൾ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുന്നവനായ ദൈവം നമ്മുടെ കുറവുകൾ ക്ഷമിച്ചു

മരുഭൂമിയുടെ അവസ്ഥയിലായിരുന്ന നമ്മെ കൈ പിടിച്ചു ആത്മീയ ഉദ്യാനത്തിലേക്കു എത്തിക്കും. ആത്മീയ ഉദ്യാനത്തിൽ ആയിക്കഴിഞ്ഞാൽ വചനം പറയുന്നു, നാം ആറ്റരികത്തു നട്ടിരിക്കുന്നതും, തക്കകാലത്തു ഫലം കായ്ക്കുന്നതും, ഇലവാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും. സങ്കി 1:3. ആമീൻ.

ആത്മീയ ഉദ്യാനമെന്നാൽ ഫലം കായ്ക്കുന്നതും, എന്തിന്റെ ഫലം – ദൈവം നമ്മെ ആക്കിയിരിക്കുന്ന ഈ ലോകത്തിൽ നമ്മെക്കുറിച്ചുള്ള അവിടുത്തെ വിളി മനസിലാക്കി, ദുഷ്ടന്റെ ആലോചനപ്രകാരം നടക്കാതെയും, പാപികളുടെ വഴിയിൽ നില്കാതെയും, പരിഹസികളുടെ ഇരിപ്പടത്തിൽ ഇരിക്കാതെയും, അവിടുത്തെ നയപ്രമാണത്തെ രാപ്പകൽ ധ്യാനിച്ച് സ്വർഗ്ഗമെന്ന ഉദ്യാനത്തിലെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം ഇവ പുറപ്പെടുവിക്കുന്നവരായിത്തീരുവാൻ ഇടയാകണം. ഇതിനായി നാം ദൈവ കൃപയാലും, ദൈവ ശക്തിയാലും നിയന്ത്രിക്കപ്പെടുന്നവരായിരിക്കണം. ഒരിക്കൽ ലഭിച്ച ഈ ഫലങ്ങൾ നഷ്ടപ്പെട്ട് മരുഭൂമിയുടെ അവസ്ഥയിലേക്ക് മടങ്ങിപോകുവാൻ ഇടവരരുത്. കർത്താവ് ഈ ലോകത്തിൽ ആയിരുന്നപ്പോൾ എപ്പോഴും സ്വർഗ്ഗീയബന്ധത്തിൽ, പിതാവിനോടുള്ള ബന്ധത്തിലാണ് ജീവിച്ചത്. പിതാവുമായ ബന്ധത്തിൽ ജീവിച്ചതിനാൽ ഈ ലോകത്തിലെ ഒരു പ്രതികൂലത്തിനും കർത്താവിന്റെ ദൗത്യത്തെ, തകർക്കാൻ കഴിഞ്ഞില്ല.

അതുപോലെ ആ പിതാവിന്റെ കൃപ നമ്മെയും എപ്പോഴും ചുറ്റിയിരിക്കുന്നു. അവിടുത്തെ കൃപ നമ്മെ വളർത്തുന്നു എന്ന ബോദ്ധ്യത്തിൽ ഓരോ ദിവസവും ആരംഭിച്ചു, ആത്മീയ ഉദ്യാനത്തിലെ ഫലങ്ങൾ പുറപ്പെടിവിച്ചു, ആ സ്വർഗീയ ബന്ധത്തിൽ നമ്മെ സ്നേഹിക്കുന്ന ദൈവത്തെ നമ്മുടെ മൺകൂടാരത്തിൽ പ്രതിഷ്ടിച്ചു, തിരിഞ്ഞു നോക്കാതെ മുന്നോട്ടു ഓടുവാൻ നമുക്ക് ഇടയാകട്ടെ.

**പരാമർശം:**

കൊലൊസ്സ്യർ 3:1–2

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തുദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 004